LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ അംഗൻവാടി തസ്തികകളുടെ ഒഴിവുകൾ

45 [2172] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അംഗൻവാടി സൂപ്പർവൈസർ, ടീച്ചർ, വർക്കർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിലെ ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിൽ നിലവിൽ 7 ഒഴിവുകളുണ്ട്. കൂടാതെ 96 അംഗൻവാടി വർക്കർമാരുടേയും 460 അംഗൻവാടി ഹെൽപ്പർമാരുടേയും സ്ഥിരം ഒഴിവുകളുമുണ്ട്.

(ബി) ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിൽ അംഗൻവാടി വർക്കർമാരുടെ വിഹിതത്തിൽ ഉണ്ടായിരുന്ന ഒഴിവുകൾ ഇതിനകം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നീ വിഭാഗങ്ങളിലേക്ക് നിയമനം നടത്തുന്നതിലേക്കായി എല്ലാ പ്രോജക്ടുകളിലും ഇതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് വരികയും അതനുസരിച്ച് സെലക്ഷൻ നടപടികൾ നടന്നു വരികയും ചെയ്യുന്നു.

സംസ്ഥാന വനിതാ കമ്മീഷൻ

46 [2173] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

,, ഗിരിജാ സുരേന്ദ്രൻ:

ശ്രീ. പി. ജയരാജൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലെ വനിതകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരെയുള്ള മോശമായ പെരുമാറ്റത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും വനിതാ കമ്മീഷന് കഴിയുന്നുണ്ടോ എന്നറിയിക്കാമോ;

(സി) വനിതാ കമ്മീഷന് മുമ്പാകെ ലഭിച്ച എത്ര പരാതികളിൻമേൽ ഇനിയും തീരുമാനം കൈക്കൊള്ളുവാൻ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) വനിതാ കമ്മീഷൻ സർക്കാരിലേക്ക് അയച്ച എത്ര ശുപാർശകളിന്മേൽ ഇനിയും തീരുമാനം എടുക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ബി) ഉണ്ട്.

(സി) 3827 പരാതികളിന്മേൽ തീർപ്പുകൽപ്പിക്കാനുണ്ട്.

(ഡി) വനിതാ കമ്മീഷൻ സർക്കാരിലേക്ക് അയച്ച 33 ശുപാർശകളിന്മേൽ ഇനിയും തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.

സംസ്ഥാന വനിതാ കമ്മീഷനിലെ പരാതികൾ

47 [2174] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വനിതാ കമ്മീഷനിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര പരാതികളിന്മേൽ അന്വേഷണവും മറ്റ് നടപടികളും പൂർത്തീകരിച്ച് കേസ് കോടതിക്ക് കൈമാറിയിട്ടുണ്ട്;

(സി) എത്ര പരാതികളിന്മേൽ ശിക്ഷ നടപ്പാക്കിയിട്ടുണ്ട്;

(ഡി) ഇനിയെത്ര പരാതികളിന്മേൽ നടപടികൾ പൂർത്തീകരിക്കാനുണ്ട്;

(ഇ) സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിമാരെപ്പറ്റി കമ്മീഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 17,342 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 10,673 പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും 2,836 പരാതികൾ തുടർനടപടികൾക്കായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) 3,827 പരാതികളിന്മേൽ നടപടികൾ പൂർത്തീകരിക്കാനുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 15-9-2001-ൽ തങ്കം ആർ. വർമ്മ എന്ന സ്ത്രീ ശ്രീ. ജി. കാർത്തികേയൻ, ശ്രീ. കടവൂർ ശിവദാസൻ, ആർട്ടിസ്റ്റ് ജയമോഹൻ, ശ്രീ. ജി. ദേവരാജൻ, ശ്രീ. ഉണ്ണി, ഡോ. സിദ്ധാർത്ഥൻ, ഡോ. സുരേഷ്, ഡോ. വേണുഗോപാൽ എന്നിവരെ പ്രതിയാക്കിയുള്ള ഒരു പരാതി കമ്മീഷനിൽ തപാലിൽ ലഭിക്കുകയും അതിന്മേൽ പരാതിക്കാരിക്കും എതിർകക്ഷികൾക്കും നോട്ടീസ് അയക്കുകയും ചെയ്തു. നാലുതവണ പരാതിക്കാരിക്ക് കമ്മീഷനുമുന്നിൽ ഹാജരാകാനായി നോട്ടീസ് അയച്ചെങ്കിലും പരാതിക്കാരി കമ്മീഷനുമുന്നിൽ ഹാജരാകാത്ത സാഹചര്യത്തിൽ കേസ് തീർപ്പാക്കുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly